"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ് - മൈനിംഗ് & ജിയോളജി – 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരം ശ്രീമതി. സരസ്വതി അമ്മ, പാട്ടക്കുടി വീട്, വെള്ളറട, തിരുവനന്തപുരം സമർപ്പിച്ച അപ്പീൽ പെറ്റീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

---

**വ്യവസായ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.787/2025/ID തീയതി,തിരുവനന്തപുരം, 02-07-2025

---

പരാമർശം:-

1. തിരുവനന്തപുരം ജില്ലാ ജിയോളജിസ്റ്റിന്റെ 05.09.2024 തീയതിയിലെ DOTHI-DMG/829/2023-E നമ്പർ ഡിമാന്റ് നോട്ടീസ്.
2. ശ്രീമതി. സരസ്വതി അമ്മ, പാട്ടക്കുടി വീട്, വെള്ളറട പി.ഒ, തിരുവനന്തപുരം 03.10.2024 തീയതിയിൽ സമർപ്പിച്ച അപ്പീൽ ഹർജി.
3. മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടറുടെ 05.02.2025 തീയതിയിലെ ഡിഎംജി/25/2025-എം3 നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര താലൂക്കിൽ വെള്ളറട വില്ലേജിൽ ബ്ലോക്ക് നം.35 ൽ റിസർവ്വേ നമ്പർ 248/16 ൽ പെട്ടതും ശ്രീമതി. സരസ്വതി അമ്മ, പാട്ടക്കുടി വീട്, വെള്ളറട പി.ഒ, തിരുവനന്തപുരം എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ളതുമായ ഭൂമിയിൽ നിന്നും അനധികൃതമായി ഖനനം ചെയ്തതും ശേഖരിച്ചതുമായ 4922.5 മെട്രിക് ടൺ കരിങ്കല്ലിന് (മെട്രിക് ടണ്ണിന് 240 രൂപയും, കോമ്പൗണ്ടിങ് ഫീസ് ഇനത്തിൽ 1,00,000/- രൂപയും) പെനാൽറ്റിയായി 12,81,400/- രൂപ ഒടുക്കുന്നതിനാവശ്യപ്പെട്ട് തിരുവനന്തപുരം ജിയോളജിസ്റ്റ് 05.09.2024 ൽ നൽകിയ പരാമർശം (1) പ്രകാരമുള്ള ഡിമാന്റ് നോട്ടീസിനെതിരെ ശ്രീമതി.സരസ്വതി അമ്മ, പാട്ടക്കുടി വീട്, വെള്ളറട.പി.ഒ, തിരുവനന്തപുരം പരാമർശം (2) പ്രകാരം ഒരു അപ്പീൽ ഹർജി സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. അപ്പീൽ അധികാരിയായ വ്യവസായ വകുപ്പ് അഡീഷണൽ സെക്രട്ടറി 28/01/2025-ന് നടത്തിയ ഹിയറിംഗിൽ അപ്പീൽ കക്ഷിക്ക് വേണ്ടി ഹാജരായ അഡ്വക്കേറ്റിനെയും തിരുവനന്തപുരം ജില്ലാ അസിസ്റ്റന്റ് ജിയോളജിസ്റ്റിനെയും, മൈനിംഗ് & ജിയോളജി വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറെയും നേരിൽ കേൾക്കുകയുണ്ടായി.

3. ഹിയറിംഗ് വേളയിൽ അപ്പീൽകക്ഷിക്ക് വേണ്ടി ഹാജരായ അഡ്വക്കേറ്റ് ഉന്നയിച്ച വാദങ്ങൾ ചുവടെ ചേർക്കുന്നു:

അപ്പീൽകക്ഷിയുടെ ഉടമസ്ഥതയിലുള്ളതും, വെള്ളറട വില്ലേജിൽ ബ്ലോക്ക് നം 35 ൽ 248/10 ൽ പെടുന്നതുമായ പുരയിടം ക്ൃഷിയോഗ്യമാക്കുന്നതിന്റെ ഭാഗമായി ജില്ലാ കളക്ടറുടെ ഉത്തരവിൻപ്രകാരം ഉരുളൻ പാറകളും പാറകല്ലുകളും നീക്കം ചെയ്തിരുന്നു. നീക്കം ചെയ്യുന്ന

കല്ലുകൾ ദുരന്ത നിവാരണ പ്രവർത്തിക്കായി ശംഖുമുഖം കടൽഭിത്തി നിർമ്മാണത്തിനു നൽകിയിരുന്നു. 23/05/2023 ൽ ഒരു കാരണവും കൂടാതെ വെള്ളറട SHO അനധികൃതമായി കല്ലു കടത്തിയെന്നാരോപിച്ചു പ്രവർത്തി തടസ്സപ്പെടുത്തി. ജില്ലാ ജിയോളജിസ്റ്റിന് ശ്രീമതി. സരസ്വതി അമ്മ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ സ്ഥലപരിശോധന നടത്തി മറുപടി ലഭിക്കാത്തതിനെ തുടർന്ന് ജില്ലാ കളക്ടറെ സമീപിച്ച് പരാതി നൽകുകയും ചെയ്തു തുടർന്ന് വില്ലേജ് ഓഫീസർ അടക്കമുള്ള ഉദ്യോഗസ്ഥർ സ്ഥലപരിശോധന നടത്തുകയും നിയമവിരുദ്ധമായി കല്ലുകൊണ്ടു പോയിട്ടുള്ളതോ പൊട്ടിക്കുകയോ ചെയ്തിട്ടില്ലെന്ന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുള്ളതായി അറിയാൻ കഴിഞ്ഞു. എന്നാൽ ഇതൊന്നും മുഖവിലക്കെടുക്കാതെ 5/09/2024 ൽ ഡിമാന്റ് നോട്ടീസ് തരികയും 12,81,400/- രൂപ പെനാലിറ്റി വരികയായിരുന്നു. വെള്ളറട പോലീസ് സ്റ്റേഷനിലെ S H O യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് അപ്പീൽകക്ഷിക്ക് ഡിമാന്റ് നോട്ടീസ് നൽകിയിരിക്കുന്നത്. അപ്പീൽ കക്ഷിയുടെ സാന്നിധ്യത്തിൽ അപ്പീൽ കക്ഷിക്ക് മുൻകൂർ നോട്ടീസ് നൽകി മൈനിംഗ് & ജിയോളജി ഉദ്യോഗസ്ഥർ പരിശോധന നടത്തി മഹസ്സർ തയ്യാറാക്കിയിട്ടില്ല ഇതു സംബന്ധിച്ച മഹസ്സർ തയ്യാറാക്കുവാൻ അധികാരപ്പെട്ട ഉദ്യോഗസ്ഥർ മൈനിംഗ് & ജിയോളജി വകുപ്പാണ്. അതിനാൽ ഡിമാന്റ് നോട്ടീസ് പ്രകാരമുള്ള തുക ഒടുക്കുവാൻ അപ്പീൽകക്ഷി ബാധ്യസ്ഥയല്ല

4. അപ്പീൽ ഹർജി സംബന്ധിച്ച് മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്ത വിവരങ്ങൾ ചുവടെ ചേർക്കുന്നു:

തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര താലൂക്കിൽ വെള്ളറട വില്ലേജിൽ ബ്ലോക്ക് 35 ൽ റീ സർവെ 248/16 ൽ പ്പെട്ടതും അപ്പീൽ കക്ഷിയുടെ ഉടമസ്ഥതയിലുള്ളതുമായ വസ്തുവിൽ നിന്നും ഉരുളൻ പാറ നീക്കം ചെയ്ത് ദുരന്തനിവാരണത്തിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ കൊല്ലങ്കോട്, പൊഴിയൂർ, വലിയതുറ ഭാഗത്തെ കടൽഭിത്തി നിർമ്മാണത്തിന് കൊണ്ടുപോകുന്നതിന് ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ചെയർമാന്റെ 10/03/2021 ലെ DDMA/02/2020/sea-erosion/AS/H1 ഉത്തരവിൻ പ്രകാരം ജില്ലാ ഓഫീസിൽ നിന്നും അനുമതികൾ അപ്പീൽ കക്ഷിയുടെ പേരിൽ നൽകിയിരുന്നു. മേൽ പരാമർശിച്ച സ്ഥലത്ത് നിന്നും ഉരുളൻ പാറ നീക്കം ചെയ്യുന്നതിന് തിരുവനന്തപുരം RDO നിരാക്ഷേപ സാക്ഷ്യപത്രം അനുവദിച്ചിട്ടുമുണ്ട്. എക്സിക്യൂട്ടീവ് എഞ്ചിനീയർ, വൻകിട ജലസേചന വിഭാഗം തിരുവനന്തപുരത്തിന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർമാന്റെ ഉത്തരവിൻ പ്രകാരമാണ് ഉരുളൻ പാറ നീക്കുന്നതിന് അനുമതി നൽകിയിരുന്നത്. ഇപ്രകാരമുള്ള അവസാനത്തെ അനുമതി (4040 മെ. ടണ്ണിന്) നൽകിയത് 22/03/2023 ൽ ആയിരുന്നു. 5/04/2023 വരെ കാലാവധിയിലാണ് ഈ ഉത്തരവ് നൽകിയിട്ടുള്ളത്.

വെള്ളറട പോലീസ് സ്റ്റേഷൻ S H O യുടെ 5/04/2023 ലെ 146/GL/2023/ISHO/VLDA കത്തിൽ അപ്പീൽ കക്ഷി ഉരുളൻപാറ നീക്കം ചെയ്യുന്നതിന് നൽകിയ അനുമതിയുടെ മറവിൽ കെമിക്കൽ ഉപയോഗിച്ച് പാറ ഖനനം ചെയ്യുന്നതായി അറിയിക്കുകയും ടി പ്രവർത്തിയിൽ ഏർപ്പെട്ട ഒരു ജാക് ഹാമറും ടിപ്പറും പിടിച്ചെടുത്ത് നിയമനടപടിക്കായി നൽകുകയും ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 4/05/2023 ന് തിരുവനന്തപുരം ജില്ലാ ഓഫീസിലെ അസിസ്റ്റന്റ് ജിയോളജിസ്റ്റ് നടത്തിയ സ്ഥലപരിശോധനയിൽ അനുമതി നൽകിയ വസ്തുവിലെ ബെഡ് റോക്കിൽ നിന്നും 289 ക്യുബിക് മീറ്റർ കരിങ്കല്ല് യന്ത്രസാമഗ്രികൾ ഉപയോഗിച്ച് ഖനനം ചെയ്തതായി കാണുകയുണ്ടായി. ഇതു കൂടാതെ ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ നിന്നും സ്ഥലത്ത് കണ്ട കരിങ്കല്ലിന്റെ ശേഖരമായ 4200 മെ. ടൺ അനുമതിയില്ലാതെ (വ്യവസ്ഥകൾ

ലംഘിച്ച്) ഖനനം ചെയ്തതാണ് എന്ന് ബോധ്യപ്പെട്ടിരുന്നു. ഇപ്രകാരം അനധികൃതമായി ബെഡ് റോക്കിൽ നിന്നും ഖനനം ചെയ്ത കരിങ്കല്ലിനും (722.5 മെ. ടൺ) അനധികൃതമായി ശേഖരിച്ച കരിങ്കല്ലിനുമാണ് (4200 മെ. ടൺ) ജില്ലാ ഓഫീസിൽ നിന്നും നിയമനടപടി സ്വീകരിച്ചിട്ടുള്ളത്

ഡിമാന്റ് നോട്ടീസ് നൽകുന്നതിനു മുന്നോടിയായി 23/05/2023 ന് അപ്പീൽകക്ഷിക്ക് നൽകിയ കാരണം കാണിക്കൽ നോട്ടീസിൽ 01/06/2023 ൽ ലഭ്യമാക്കിയ മറുപടിയിൽ വെള്ളറട S H O പാറ നീക്കുന്നതിന് തടസ്സം സൃഷ്ടിക്കുന്നതായും അനധികൃതമായാണ് വാഹനങ്ങൾ പിടിച്ചെടുത്തത് എന്ന് അറിയിക്കുകയും നിയമനടപടികളിൽ നിന്നും ഒഴിവാക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തിരുന്നു. എന്നാൽ ജില്ലാ ഓഫീസിൽ നിന്നും നടത്തിയ സ്ഥലപരിശോധനയിൽ അപ്പീൽ കക്ഷി അനധികൃതമായി കരിങ്കല്ല് ഖനനം ചെയ്ത ശേഖരിച്ചതായി കണ്ടിട്ടുള്ളതിനാലാണ് ആകെയുള്ള 4922.5 മെ. ടൺ കരിങ്കല്ലിന് പെനാലിറ്റി ഇനത്തിൽ ടണ്ണിന് 240/- രൂപ ക്രമത്തിലും കോമ്പൗണ്ടിംഗ് ഫീസ് ഇനത്തിൽ 1,00,000 രൂപയും ചേർ ത്ത് 12,81,400/- രൂപ ഒടുക്കുന്നതിന് 5/9/2024 ൽ ഡിമാന്റ് നോട്ടീസ് നൽകിയത് എന്ന് ജില്ലാ ജിയോളജിസ്റ്റ് അറിയിച്ചിട്ടുണ്ട്.

5. അപ്പീൽ അധികാരി ഈ വിഷയം അപ്പീൽകക്ഷിയുടെ വാദത്തിന്റെയും മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. അപ്പീൽ കക്ഷിയുടെ വാദം വില്ലേജ് ഓഫീസർ സ്ഥല പരിശോധന നടത്തി നിയമവിരുദ്ധമായി കല്ല് കൊണ്ടുപോയിട്ടില്ലെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നാണ്. എന്നാൽ 12/04/2023 ലെ 240/2023 നമ്പർ കത്തുപ്രകാരം പ്രഥമദൃഷ്ട്യാ അനുമതിയിൽ കൂടുതൽ ധാതു ഖനനം ചെയ്തതായി കാണുന്നില്ലെന്നാണ് വില്ലേജ് ഓഫീസർ റിപ്പോർട്ട് ചെയ്തിരിക്കുന്നത്. ശരിക്കും അളന്ന് നോക്കിയിട്ടല്ല വില്ലേജ് ഓഫീസർ ഇപ്രകാരം റിപ്പോർട്ട് ചെയ്തിരിക്കുന്നത്. വെള്ളറട പോലീസ് സ്റ്റേഷൻ S H O യുടെ 05/04/2023 ലെ 146/GL/2023/ISHO/VLDA കത്തിൽ അപ്പീൽ കക്ഷി ഉരുളൻപാറ നീക്കം ചെയ്യുന്നതിന് നൽകിയ അനുമതിയുടെ മറവിൽ കെമിക്കൽ ഉപയോഗിച്ച് പാറ ഖനനം ചെയ്യുന്നതായി അറിയിക്കുകയും ടി പ്രവർത്തിയിൽ ഏർപ്പെട്ട ഒരു ജാക് ഹാമറും ടിപ്പറും പിടിച്ചെടുത്ത് നിയമനടപടിക്കായി നൽകുകയും ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 04/05/2023 ന് തിരുവനന്തപുരം ജില്ലാ ഓഫീസിലെ അസിസ്റ്റന്റ് ജിയോളജിസ്റ്റ് നടത്തിയ സ്ഥലപരിശോധനയിൽ അനുമതി നൽകിയ വസ്തുവിലെ ബെഡ് റോക്കിൽ നിന്നും 289 ക്യൂബിക് മീറ്റർ കരിങ്കല്ല് യന്ത്രസാമഗ്രികൾ ഉപയോഗിച്ച് ഖനനം ചെയ്തതായി കാണുകയുണ്ടായി. ഇതു കൂടാതെ ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ നിന്നും സ്ഥലത്ത് കണ്ട കരിങ്കല്ലിന്റെ ശേഖരമായ 4200 മെ. ടൺ അനുമതിയില്ലാതെ (വ്യവസ്ഥകൾ ലംഘിച്ച്) ഖനനം ചെയ്തതാണ് എന്ന് ബോധ്യപ്പെട്ടിരുന്നു. ഇപ്രകാരം അനധികൃതമായി ബെഡ് റോക്കിൽ നിന്നും ഖനനം ചെയ്ത കരിങ്കല്ലിനും (722.5 മെ. ടൺ) അനധികൃതമായി ശേഖരിച്ച കരിങ്കല്ലിനുമാണ് (4200 മെ. ടൺ) ജില്ലാ ഓഫീസിൽ നിന്നും നിയമനടപടി സ്വീകരിച്ചിട്ടുള്ളത്. ഇതിൽ നിന്നും അപ്പീൽ കക്ഷി, അനുമതി നൽകിയതിന്റെ മറവിൽ അനധികൃത ഖനനം നടത്തിയിട്ടുണ്ടെന്നുള്ളത് വ്യക്തമാണ്. എന്നാൽ അപ്പീൽ കക്ഷിക്ക് സ്ഥല പരിശോധന സംബന്ധിച്ച നോട്ടീസ് നൽകി കക്ഷിയുടെ സാന്നിധ്യത്തിൽ പരിശോധന നടത്തി മഹസ്സർ തയ്യാറാക്കി അതനുസരിച്ച് നടപടികൾ സ്വീകരിച്ചിട്ടില്ലെന്ന കക്ഷിയുടെ വാദം പരിഗണിച്ച്, അപ്പീൽ കക്ഷിക്ക് സ്ഥല പരിശോധന സംബന്ധിച്ച നോട്ടീസ് നൽകി കക്ഷിയുടെ സാന്നിധ്യത്തിൽ സ്ഥല പരിശോധന നടത്തി അനധികൃത ഖനനത്തിന്റെ അളവുകൾ തിട്ടപ്പെടുത്തി മഹസ്സർ തയ്യാറാക്കി അതനുസരിച്ച് ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ച് അനുയോജ്യമായ നടപടികൾ സ്വീകരിക്കുവാൻ തിരുവനന്തപുരം

ജില്ലാ ജിയോളജിസ്റ്റിന് നിർദ്ദേശം നൽകിയും, പരിശോധന നോട്ടീസ് പ്രകാരമുള്ള തീയതിയിൽ പരിശോധന സ്ഥലത്ത് കൃത്യമായും പങ്കെടുക്കുവാൻ അപ്പീൽ കക്ഷിക്ക് നിർദ്ദേശം നൽകിയും അല്ലാത്തപക്ഷം പരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അപ്പീൽ കക്ഷിയെ അറിയിച്ചുകൊണ്ടും ശ്രീമതി.സരസ്വതി അമ്മ പരാമർശം (2) പ്രകാരം സമർപ്പിച്ച അപ്പീൽ ഹർജി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബി അജിത
അഡിഷണൽ സെക്രട്ടറി
& അപ്പീൽ അധികാരി

ശ്രീമതി. സരസ്വതി അമ്മ, പാട്ടുക്കുടി വീട്, വെള്ളറട പി.ഒ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ & ഇ), തിരുവനന്തപുരം.

ഡയറക്ടർ, മൈനിംഗ് & ജിയോളജി വകുപ്പ്, തിരുവനന്തപുരം.

ജില്ലാ ജിയോളജിസ്റ്റ്, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sachin V R
Date: 02-07-2025 16:16:40
സെക്ഷൻ ഓഫീസർ